## ● രണ്ടു ലക്ഷം രൂപ അടിയന്തര സഹായം

# മാർച്ച് മൂന്നിനകം എൻഐടി തുറക്കും

**കോഴിക്കോട്:** മതിലിടിഞ്ഞ് വിദ്യാർഥി മരിച്ചതിനെത്തുടർന്ന് അടച്ച എൻഐടി മാർച്ച് മൂന്നിനകം തുറക്കാൻ പിടിഎ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. അനിഷ്ട സംഭവങ്ങളുണ്ടായതിനാൽ അധ്യയന ദിവസം നഷ്ടമാകാതിരിക്കാൻ അക്കാദമിക് കലണ്ടറിൽ മാറ്റം വരുത്തി മധ്യവേനലവധി കാലത്തേക്കുകൂടി ക്ലാസ് നീട്ടും.

അപകടത്തിൽ മരിച്ച മന്നം വെങ്കിടേശ്വരലുവിന്റെ നിര്യാണത്തിൽ യോഗം അനുശോചിച്ചു. വിദ്യാർഥിയുടെ വീട്ടുകാർക്ക് അടിയന്തരമായി രണ്ടുലക്ഷം രൂപ നൽകും. യഥാർഥ നഷ്ടപരിഹാരം അടുത്തമാസം ചേരുന്ന ഗവേണിങ് ബോഡി യോഗം തീരുമാനിക്കുമെന്ന് അധികൃതർ അറിയിച്ചു. ഇൻസ്റ്റിറ്റ്യൂട്ടിൽ ആംബുലൻസ് സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കും. ഡയറക്ടർ ഇൻ ചാർജ് പ്രൊഫ. വി ഗോവിന്ദൻ അധ്യക്ഷനായി.